# ദുർബല സംസ്കാരങ്ങളുടെ സംസ്കാരം ചെയ്ത് സത്യമായ ഹോളി ആഘോഷിക്കൂ അപ്പോൾ വിശ്വപരിവർത്തനം ഉണ്ടാകും

ഇന്ന് ബാപ്ദാദ തന്റെ നാനാഭാഗത്തെയും പൊന്നോമന മക്കളെ കാണുകയാണ്. ഈ പരമാത്മ വാത്സല്യം താങ്കൾ കോടിയിലും ചില ശ്രേഷ്ഠാത്മാക്കൾക്കാണ് പ്രാപ്തമാകുന്നത്. ഓരോരോ കുട്ടികളുടെയും മൂന്ന് രാജ്യസിംഹാസനം കാണുകയാണ്. ഈ മൂന്ന് സിംഹാസനങ്ങളും മുഴുവൻ കൽപ്പത്തിൽ ഈ സംഗമത്തിൽ തന്നെയാണ് താങ്കൾ കുട്ടികൾക്ക് പ്രാപ്തമാകുന്നത്. കാണപ്പെടുന്നുണ്ടോ 3 സിംഹാസനങ്ങൾ? ഒന്നാണ് ഭൃഗുഡിയാകുന്ന സിംഹാസനം, ഏതിലാണോ ആത്മാവ് തിളങ്ങി കൊണ്ടിരിക്കുന്നത്. രണ്ടാമത്തെ സിംഹാസനമാണ് പരമാത്മ ഹൃദയ സിംഹാസനം. ഹൃദയസിംഹാസനധാരികൾ അല്ലേ! മൂന്നാമത്തെതാണ് ഭാവി വിശ്വ സിംഹാസനം. ഏറ്റവും ഭാഗ്യശാലി ആകുന്നു ഹൃദയ സിംഹാസനധാരി ആകുന്നതിലൂടെ. ഈ പരമാത്മ ഹൃദയസിംഹാസനം താങ്കൾ ഭാഗ്യശാലി കുട്ടികൾക്കാണ് പ്രാപ്തമാകുന്നത്. ഭാവി വിശ്വത്തിന്റെ രാജ്യം പ്രാപ്തമാവുക തന്നെ വേണം. എന്നാൽ അധികാരി ആരാണ് ആകുന്നത്? ഈ സമയത്ത് സ്വരാജ്യ അധികാരിയാണ് ആകുന്നത്. സ്വരാജ്യം ഇല്ലാ എങ്കിൽ വിശ്വരാജ്യവും ഇല്ല എന്തെന്നാൽ ഈ സമയത്ത് സ്വരാജ്യ അധികാരത്തിലൂടെയാണ് വിശ്വരാജ്യം പ്രാപ്തമാകുന്നത്. വിശ്വരാജ്യത്തെ സർവസംസ്കാരവും ഈ സമയത്താണ് ഉണ്ടാകുന്നത്. അപ്പോൾ ഓരോരുത്തരും അവരവരെ സ്വരാജ്യ അധികാരിയായി അനുഭവം ചെയ്യുന്നുണ്ടോ? എന്താണ് ഭാവി രാജ്യത്തിന്റെ മഹിമ അറിയാമല്ലോ! ഒരു ധർമ്മം,ഒരു രാജ്യം, നിയമവും ക്രമവും, സുഖ ശാന്തി, സമ്പത്താൽ സമ്പന്ന രാജ്യം,ഓർമ്മ വരുന്നുണ്ടോ എത്ര തവണ ഈ സ്വരാജ്യവും വിശ്വരാജ്യവും നേടിയിട്ടുണ്ട്? ഓർമ്മയുണ്ടോ എത്ര തവണ ഭരിച്ചിട്ടുണ്ട്? വ്യക്തമായി ഓർമ്മ വരുന്നുണ്ടോ? അതോ ഓർമ്മിക്കുന്നതിലൂടെ ഓർമ്മ വരികയാണോ? ഇന്നലെ രാജ്യം ഭരിച്ചിരുന്നു നാളെ രാജ്യം ഭരിക്കണം ഇങ്ങനെ സ്പഷ്ട സ്മൃതിയുണ്ടോ? ഈ സ്പഷ്ട സ്മൃതിയുണ്ടാകുന്നത് ഇപ്പോൾ സദാ സ്വരാജ്യ അധികാരിയായിരിക്കുന്നവർക്കാണ്. അപ്പോൾ സ്വരാജ്യ അധികാരിയാണോ? സദാ ആണോ അതോ ഇടയ്ക്കിടെ ആണോ? എന്തു പറയുന്നു? സദാ സ്വരാജ്യ അധികാരിയാണോ? ഡബിൾ വിദേശികളുടെ ഊഴമല്ലേ. അപ്പോൾ സ്വരാജ്യ അധികാരി സദാ ആണോ? പാണ്ഡവർ സദാ ആണോ? സദാ എന്ന വാക്ക് ചോദിക്കുകയാണ്? എന്തുകൊണ്ട്? ഈയൊരു ജന്മത്തിൽ, ചെറിയൊരു ജന്മത്തിൽ, കൊച്ചു ജന്മമാണ്, ഈ കൊച്ചു ജന്മത്തിൽ അഥവാ സദാ സ്വരാജ്യ അധികാരി ആകുന്നില്ല എങ്കിൽ 21 ജന്മത്തിന്റെ സദാ സ്വരാജ്യം എങ്ങനെ പ്രാപ്തമാകും! 21 ജന്മത്തെ രാജ്യഅധികാരി ആകണമോ ഇടയ്ക്കിടെ ആകണോ? എന്താ സമ്മതമാണോ? സദാ ആകണോ? സദാ? തലയാട്ടൂ. നല്ലത്, 21 ജന്മം തന്നെ രാജ്യാധികാരി ആകണോ? രാജാധികാരി അർത്ഥം രാജകീയ കുടുംബത്തിലും രാജ്യാധികാരി. സിംഹാസനത്തിൽ അല്പസമയത്തേക്കേ ഇരിക്കുന്നുണ്ടാകു, എന്നാൽ അവിടെ എത്രത്തോളം സിംഹാസന അധികാരിക്ക് സ്വമാനമുണ്ടോ അത്രയും തന്നെ രാജകീയ കുടുംബത്തിനും ഉണ്ട്. അവരെയും രാജ്യാധികാരി എന്ന് പറയും. എന്നാൽ കണക്ക് ഇപ്പോഴത്തെ സംബന്ധത്തിൽ നിന്നാണ്. ഇപ്പോൾ ഇടയ്ക്കിടെ എങ്കിൽ അവിടെയും ഇടയ്ക്കിടെ. ഇപ്പോൾ സദാ എങ്കിൽ അവിടെയും സദാ. അപ്പോൾ സമ്പൂർണ്ണ അധികാരം നേടുക അർത്ഥം വർത്തമാനത്തിന്റെയും ഭാവിയുടെയും പരിപൂർണ്ണ 21 ജന്മത്തെ രാജ്യ അധികാരി ആവുക. അപ്പോൾ ഡബിൾ വിദേശികൾ പൂർണ്ണ അധികാരം എടുക്കുന്നവരാണോ അതോ പകുതിയോ അല്പമോ? എന്താണ്? പൂർണ്ണ അധികാരം എടുക്കണമോ? പൂർണ്ണം. ഒരു ജന്മത്തിലും കുറവല്ല. അപ്പോൾ എന്ത് ചെയ്യേണ്ടിവരും?

ബാപ്ദാദ ഓരോരോ കുട്ടികളെയും സമ്പൂർണ്ണ അധികാരി ആക്കുന്നു. ആക്കിയില്ലേ?പക്കാ? അതോ ആകുമോ ആകില്ലയോ എന്ന ചോദ്യമാണോ? ഇടയ്ക്കിടെ ചോദ്യം ഉയരുന്നു അറിയില്ല ആകുമോ ആകില്ലയോ? ആകുക തന്നെ വേണം. പക്കാ? ആർക്ക് ആകുക തന്നെ വേണം അവർ കൈ ഉയർത്തു. ആവുക തന്നെ വേണോ? നല്ലത് ഇവരെല്ലാം ഏതു മാലയുടെ മണികളാകും? 108 ന്റെ? ഇവിടെയാണെങ്കിൽ എത്ര പേർ വന്നിട്ടുണ്ട്? എല്ലാവരും വരുമോ? അപ്പോൾ ഇത് 1800 ആണ്. അപ്പോൾ 108 മാലയെ വലുതാക്കുമോ? നല്ലത് 16000 നല്ലതായി തോന്നുകയില്ല. പതിനാറായിരത്തിൽ പോകുമോ എന്താ? പോവുകയില്ലല്ലോ! ഈ നിശ്ചയവും നിശ്ചിതമാണ്. ഇങ്ങനെ അനുഭവമാകണം. ഞാൻ ആവുകയില്ലെങ്കിൽ ആരാകും . ഉണ്ടോ ലഹരി? താങ്കൾ ആവുകയില്ലെങ്കിൽ മറ്റാരും ആവുകയില്ലല്ലോ. താങ്കൾ തന്നെയാണ് ആകുന്നയാൾ അല്ലേ! പറയൂ താങ്കൾ തന്നെയല്ലേ! പാണ്ഡവർ താങ്കൾ തന്നെയാണോ ആകുന്നവർ? ശരി. തന്റെ ദർപ്പണത്തിൽ സാക്ഷാത്കാരം ചെയ്തിട്ടുണ്ടോ? ബാപ്ദാദ ഓരോ കുട്ടികളുടെയും നിശ്ചയം കണ്ട് ബലിയായി മാറുന്നു. ആഹാ ആഹാ എന്റെ ഓരോരോ കുട്ടികളും ആഹാ ആഹാ അല്ലേ ആഹാ ആഹാ അതോ വൈ വൈ അല്ലല്ലോ? ഇടയ്ക്കിടെ വൈ ഉണ്ടാകുന്നുണ്ടോ? അതോ വൈ, പിന്നെ ഹായ്, മൂന്നാ

മത് ക്രൈ(കരയുക). അപ്പോൾ താങ്കൾ ആരാണ് ആഹാ ആഹാ എന്നുള്ളവരല്ലേ!

ബാപ്ദാദയ്ക്ക് ഡബിൾ വിദേശികളുടെ മേൽ വിശേഷ ലഹരിയുണ്ട്. എന്തുകൊണ്ട്? ഭാരതവാസികൾ ബാബയെ ഭാരതത്തിലേക്ക് വിളിച്ചു. എന്നാൽ ഡബിൾ വിദേശികൾക്ക് മേൽ ലഹരി ഇതിനാലാണ് ഡബിൾ വിദേശികൾ ബാപ്ദാദയെ തന്റെ സത്യമായ സ്നേഹത്തിന്റെ ബന്ധനത്തിൽ ബന്ധിച്ചു. ഭൂരിപക്ഷം പേരും സത്യതയുള്ളവരാണ്. ചില ചിലർ മറയ്ക്കുന്നുമുണ്ട് എന്നാൽ ഭൂരിഭാഗം തന്റെ ദുർബലതകൾ സത്യതയോടെ ബാബക്കു മുന്നിൽ വയ്ക്കുന്നു. അപ്പോൾ ബാബയ്ക്ക് ഏറ്റവും വലിയ കാര്യമായി തോന്നുന്നത് സത്യതയാണ്. അതിനാൽ ഭക്തിയിലും പറയുന്നു ഗോഡ് ഇസ് ട്രൂത്ത്. ഏറ്റവും പ്രിയപ്പെട്ട സാധനം സത്യതയാണ് എന്തുകൊണ്ടെന്നാൽ ആരിൽ സത്യതയുണ്ടോ അവരിൽ ശുദ്ധത ഉണ്ടായിരിക്കും. ക്ലീൻ ക്ലിയർ ആയിരിക്കുന്നു, അതിനാൽ ബാപ്ദാദയെ ഡബിൾ വിദേശികളുടെ സത്യതയുടെ പ്രേമത്തിന്റെ ചരട് ആകർഷിക്കുന്നു. അല്പം ഒക്കെ കലർപ്പും ഉണ്ടാകുന്നു ചില ചിലരിൽ. എന്നാൽ ഡബിൾ വിദേശികൾ തന്റെ ഈ സത്യതയുടെ വിശേഷത ഒരിക്കലും കൈവെടിയരുത്. സത്യതയുടെ ശക്തി ഒരു ലിഫ്റ്റിന്റെ ജോലി ചെയ്യുന്നു. എല്ലാവർക്കും സത്യത നല്ലതായി തോന്നുന്നില്ലേ! പാണ്ഡവർക്ക് നല്ലതായി തോന്നുന്നില്ലേ? ഇങ്ങനെ മധുബൻകാർക്കും നല്ലതായി തോന്നുന്നു. എല്ലാ നാനാഭാഗത്തെയും മധുബൻകാർ കൈ ഉയർത്തു. ദാദി പറയുന്നില്ലേ ഭുജങ്ങളാണ്. അപ്പോൾ മധുബൻ, ശാന്തിവനം എല്ലാവരും കൈ ഉയർത്തു. വലുതായി കൈ ഉയർത്തു. മധുബൻകാർക്ക് സത്യത നല്ലതായി തോന്നുന്നുണ്ടോ? ആരിൽ സത്യത ഉണ്ടാകുമോ അവർക്ക് ബാബയെ ഓർമ്മിക്കുക വളരെ സഹജമായിരിക്കും. എന്തുകൊണ്ട്? ബാബയും സത്യമല്ലേ! അപ്പോൾ സത്യമായ ബാബയുടെ ഓർമ്മ അത് ആരാണോ സത്യമായത് അവർക്ക് പെട്ടെന്ന് വരുന്നു. പരിശ്രമം ചെയ്യേണ്ടി വരുന്നില്ല. അഥവാ ഇപ്പോഴും ഓർമ്മയിൽ പരിശ്രമം തോന്നുന്നുവെങ്കിൽ മനസ്സിലാക്കൂ എന്തെങ്കിലും സൂക്ഷ്മ സങ്കല്പ മാത്ര, സ്വപ്ന മാത്ര, എന്തോ സത്യതയുടെ കുറവുണ്ട്. എവിടെ സത്യമുണ്ടോ അവിടെ സങ്കല്പം ചെയ്തു ബാബാ പ്രഭു പ്രത്യക്ഷമാണ് അതിനാൽ ബാപ്ദാദയ്ക്ക് സത്യത വളരെ പ്രിയമാണ്.

അപ്പോൾ ബാപ്ദാദ എല്ലാ കുട്ടികൾക്കും ഇതേ സൂചന നൽകുന്നു പൂർണമായി 21 ജന്മത്തിന്റെ സമ്പത്ത് നേടണമെങ്കിൽ ഇപ്പോൾ സ്വരാജ്യത്തെ പരിശോധിക്കൂ. ഇപ്പോഴത്തെ സ്വരാജ്യ അധികാരി ആകുക. എത്രത്തോളം ആകുന്നുവോ അത്രയും തന്നെ അധികാരം പ്രാപ്തമാകും. അപ്പോൾ പരിശോധിക്കു മഹിമയുണ്ട് ഒരു രാജ്യം, ഒരു..ഒരു രാജ്യം തന്നെയാകും രണ്ടല്ല. അപ്പോൾ വർത്തമാനം സ്വരാജ്യത്തിന്റെ സ്ഥിതിയിൽ സദാ ഒരു രാജ്യമാണോ? സ്വരാജ്യമുണ്ട് അതോ ഇടയ്ക്കിടെ പര രാജ്യവും ആകുന്നുണ്ടോ? ഇടയ്ക്ക് മായയുടെ രാജ്യം അഥവാ ആണ് എങ്കിൽ പരരാജ്യം എന്ന് പറയുമോ അതോ സ്വരാജ്യം എന്ന് പറയുമോ? അപ്പോൾ സദാ ഒരു രാജ്യമാണ്, മറ്റുള്ളവരുടെ അധീനതയിൽ ആകുന്നില്ലല്ലോ? ഇടയ്ക്ക് മായയുടെ ഇടയ്ക്ക് സ്വയത്തിന്റെ? ഇതിലൂടെ മനസ്സിലാക്കൂ സമ്പൂർണ്ണ സമ്പത്ത് ഇപ്പോൾ പ്രാപ്തമായി കൊണ്ടിരിക്കുന്നത് ആയിട്ടില്ല ആയിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ പരിശോധിക്കു സദാ ഒരു രാജ്യമാണോ? ഒരു ധർമ്മം. ധർമ്മം അർത്ഥം ധാരണ. അപ്പോൾ വിശേഷ ധാരണ ഏതൊന്നാണ്? പവിത്രതയുടെത്. അപ്പോൾ ഒരു ധർമ്മമാണ് അർത്ഥം സങ്കല്പം, സ്വപ്നത്തിലും പവിത്രതയുണ്ടോ? സങ്കൽപ്പത്തിലും സ്വപ്നത്തിലും അഥവാ അപവിത്രതയുടെ നിഴലുണ്ട് എങ്കിൽ എന്തു പറയും? ഒരു ധർമ്മമാണോ? പവിത്രത സമ്പൂർണ്ണമാണോ? എങ്കിൽ പരിശോധിക്കൂ എന്തുകൊണ്ട്? സമയം ഫാസ്റ്റ് ആയി പോയിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ സമയം വേഗത്തിൽ പോയിക്കൊണ്ടിരിക്കുന്നു സ്വയം അഥവാ പതുക്കെയാണ് എങ്കിൽ സമയത്ത് ലക്ഷ്യത്തിൽ എത്തിച്ചേരുക സാധിക്കുകയില്ലല്ലോ! അതിനാൽ വീണ്ടും വീണ്ടും പരിശോധിക്കൂ. ഒരു രാജ്യമാണോ? ഒരു ധർമ്മമാണോ? നിയമവും ക്രമവും ഉണ്ടോ? അതോ മായ തന്റെ നിയമം നടത്തിക്കുകയാണോ? പരമാത്മ കുട്ടികൾ ശ്രീമതത്തിന്റെ നിയമക്രമത്തിലൂടെ നടക്കുന്നവരാണ്. മായയുടെ നിയമക്രമത്തിലൂടെ അല്ല. അപ്പോൾ പരിശോധിക്കു എല്ലാ ഭാവി സംസ്കാരവും ഇപ്പോൾ കാണപ്പെടട്ടെ എന്തെന്നാൽ സംസ്കാരം ഇപ്പോൾ നിറയ്ക്കണം. അവിടെയല്ല നിറയ്ക്കേണ്ടത് ഇവിടെ തന്നെ നിറയ്ക്കണം. സുഖമുണ്ടോ? ശാന്തി ഉണ്ടോ? സമ്പന്നനാണോ? സുഖം ഇപ്പോൾ സാധനങ്ങളുടെ ആധാരത്തിൽ അല്ലല്ലോ? അതീന്ദ്രിയ സുഖമാണോ? സാധനം ഇന്ദ്രിയങ്ങളുടെ ആധാരമാണ്. അതീന്ദ്രിയ സുഖം സാധനങ്ങളുടെ ആധാരത്തിൽ അല്ല. അഖണ്ഡ ശാന്തിയാണോ? ഖണ്ഡിതമാകുന്നില്ലല്ലോ? എന്തെന്നാൽ സത്യയുഗിരാജ്യത്തിന്റെ മഹിമ എന്താണ്? അഖണ്ഡ ശാന്തി, അചഞ്ചല ശാന്തി. സമ്പന്നത ഉണ്ടോ?സമ്പത്തിലൂടെ എന്തുണ്ടാകുന്നു? സമ്പന്നത ഉണ്ടാകുന്നു? സർവ്വ സമ്പത്തും ഉണ്ടോ? ഗുണങ്ങൾ, ശക്തികൾ, ജ്ഞാനം ഇവ സമ്പത്താണ്. അവയുടെ ലക്ഷണം എന്താകുന്നു? അഥവാ ഞാൻ സമ്പത്തിൽ സമ്പന്നനാണ് അപ്പോൾ അതിന്റെ ലക്ഷണം എന്താണ്?സന്തുഷ്ടത. സർവ്വ പ്രാപ്തിയുടെ ആധാരമാണ് സന്തുഷ്ടത, അസന്തുഷ്ടത അപ്രാപ്തിയുടെ സാധനമാണ്. അപ്പോൾ പരിശോധിക്കു ഒരു വിശേഷതയുടെ എങ്കിലും കുറവ് ഉണ്ടാകാൻ പാടില്ല. അപ്പോൾ ഇത്രയും പരിശോധിക്കുന്നുണ്ടോ? മുഴുവൻ ലോകവും താങ്കൾ

ഇപ്പോഴത്തെ സംസ്കാരത്തിലൂടെ ഉണ്ടാക്കുകയാണ്. ഇപ്പോഴത്തെ സംസ്കാരം അനുസരിച്ച് ഭാവി ലോകം ഉണ്ടാകും. അപ്പോൾ താങ്കൾ എല്ലാവരും എന്ത് പറയുന്നു? താങ്കൾ ആരാണ്? വിശ്വ പരിവർത്ത കരല്ലേ! വിശ്വ പരിവർത്തകരാണോ? അപ്പോൾ വിശ്വ പരിവർത്തനത്തിന് മുമ്പ് സ്വപരിവർത്തനം. അപ്പോൾ ഈ എല്ലാ സംസ്കാരവും അവനവനിൽ പരിശോധിക്കൂ. ഇതിലൂടെ മനസ്സിലാക്കൂ ഞാൻ 108ന്റെ മാലയി ലാണോ മുമ്പിലോ പിന്നിലോ ആണോ? ഈ പരിശോധന ഒരു ദർപ്പണം ആണ്. ഈ ദർപ്പണത്തിൽ തന്റെ വർത്തമാനവും ഭാവിയും കാണൂ. കാണാൻ സാധിക്കുന്നുണ്ടോ?
ഇപ്പോൾ ഹോളി ആഘോഷിക്കുവാൻ വന്നിരിക്കുകയല്ലേ! ഹോളി ആഘോഷിക്കുവാൻ വന്നിരിക്കുന്നു നല്ലത്. ഹോളിയുടെ അർത്ഥം വർണ്ണിച്ചതാണല്ലോ. അപ്പോൾ ബാപ്ദാദ ഇന്ന് വിശേഷിച്ച് ഡബിൾ വിദേശി കളോട് പറയുന്നു മധുബൻകാർ കൂടെയുണ്ട് ഇത് വളരെ നല്ലതാണ്. മധുബൻകാരോടും കൂടെയാണ് പ റയുന്നത്. ആരെല്ലാം വന്നിട്ടുണ്ട് ബോംബെയിൽ നിന്ന് വന്നതായാലും ദില്ലിയിൽ നിന്ന് വന്നാലും ഈ സമയത്ത് മധുബൻ നിവാസികളാണ്. ഡബിൾ വിദേശികളും ഈ സമയം എവിടെയാണ്? മധുബൻ നിവാ സി അല്ലേ! മധുബൻ നിവാസി ആകുക നല്ലതല്ലേ! അപ്പോൾ എല്ലാ കുട്ടികളിൽ നിന്നും ഇവിടെ ഇരിക്കു കയാണെങ്കിലും അവരവരുടെ സ്ഥലത്ത് നാനാഭാഗത്തും ഇരിക്കുകയാണെങ്കിലും ബാപ്ദാദ ഒരു പരിവ ർത്തനം ആഗ്രഹിക്കുന്നു. അഥവാ ധൈര്യമുണ്ടെങ്കിൽ ബാപ്ദാദ പറയട്ടെ, ധൈര്യമുണ്ടോ? ധൈര്യമുണ്ടോ? ധൈര്യമുണ്ടോ? ചെയ്യേണ്ടിവരും. ഇങ്ങനെയല്ല കൈ ഉയർത്തിയാൽ കാര്യം കഴിഞ്ഞു അങ്ങനെയല്ല. കൈ ഉയർത്തുന്നത് വളരെ നല്ലതാണ് പക്ഷേ മനസ്സിന്റെ കൈ ഉയർത്തുക. ഇന്ന് കേവലം കൈ ഉയർത്ത രുത്. മനസ്സിന്റെ കൈ ഉയർത്തുക.
ഡബിൾ വിദേശികൾ സമീപത്ത് ഇരിക്കുകയല്ലേ, അപ്പോൾ സമീപത്തുള്ളവർക്ക് ഹൃദയത്തിന്റെ കാര്യ ങ്ങൾ കേൾപ്പിക്കാറുണ്ട്. ഭൂരിപക്ഷത്തെ കാണാൻ സാധിക്കുന്നുണ്ട്. എല്ലാവർക്കും ബാപ്ദാദയോട്, സേവനത്തോട് വളരെ നല്ല സ്നേഹമാണ്. ബാബയുടെ സ്നേഹത്തെ കൂടാതെ കഴിയില്ല സേവനം കൂ ടാതെയും കഴിയില്ല. ഇത് ഭൂരിപക്ഷത്തിനും സർട്ടിഫിക്കറ്റ് ശരിയാണ്. ബാപ്ദാദ നാനാഭാഗത്തും കാണു ന്നുണ്ട് പക്ഷേ പക്ഷേ... വരുന്നു. ഭൂരിപക്ഷത്തിനും ഈ ശബ്ദം വരുന്നു. എന്തെങ്കിലും ഇങ്ങനെയുള്ള സം സ്കാരം പഴയത് ആഗ്രഹിക്കുന്നില്ല, പക്ഷേ ആ പഴയ സംസ്കാരം ഇപ്പോൾ വരെയും ആകർഷിച്ചു കൊണ്ടിരിക്കുന്നു. അപ്പോൾ ഹോളി ആഘോഷിക്കുവാൻ വന്നിരിക്കുന്നു എങ്കിൽ ഹോളിയുടെ അർത്ഥ മാണ് കഴിഞ്ഞത് കഴിഞ്ഞു. ഹോ ലി കഴിഞ്ഞുപോയി. അപ്പോൾ ഏതെങ്കിലും അല്പമെങ്കിലും സംസ്കാ രം 5ശതമാനം ആകട്ടെ, 10 ശതമാനം ആകട്ടെ, 50 ശതമാനം ആണെങ്കിലും എത്രയാണെങ്കിലും. ഏറ്റവും കുറഞ്ഞത് അഞ്ച് ശതമാനം എങ്കിലും ഉണ്ടെങ്കിൽ ഇന്ന് സംസ്കാരത്തിന്റെ ഹോളി കത്തിക്കൂ. ഏത് സം സ്കാരം ആണോ കരുതുന്നത് എല്ലാവർക്കും അല്പമെങ്കിലും ഈ സംസ്കാരം എന്നെ ഇടയ്ക്കിടെ അ സ്വസ്ഥമാക്കുന്നു. ഓരോരുത്തരും കരുതുന്നു. കരുതുന്നില്ലേ? അപ്പോൾ ഹോളിയിൽ ഒന്ന് കത്തിക്കാറു ണ്ട് രണ്ടാമത് നിറം ചാർത്തുന്നു. രണ്ടു തരത്തിലുള്ള ഹോളി ഉണ്ടാകുന്നു ഹോളിയുടെ അർത്ഥവുമാണ് കഴിഞ്ഞത് കഴിഞ്ഞു. അപ്പോൾ ബാപ്ദാദ ആഗ്രഹിക്കുന്നു ഏതെങ്കിലും ഇങ്ങനെയുള്ള സംസ്കാരം ഇ രിക്കുന്നുണ്ട് എങ്കിൽ ഏതിന്റെ കാരണത്താലാണ് സംസാരപരിവർത്തനം ഉണ്ടാകാത്തത് അപ്പോൾ ഇന്ന് ആ ദുർബല സംസ്കാരത്തെ കത്തിക്കുക അതായത് സംസ്കാരം ചെയ്തു കൊള്ളുക. കത്തിക്കുന്നതി നും സംസ്കാരം എന്ന് പറയാറുണ്ടല്ലോ. മനുഷ്യൻ മരിക്കുമ്പോൾ പറയുന്നു സംസ്കരണം ചെയ്യണം അതായത് സദാ കാലത്തേക്ക് അവസാനിപ്പിക്കണം. അപ്പോൾ എന്താ ഇന്ന് സംസ്കാരത്തിന്റെയും സം സ്കരണം നടത്താൻ സാധിക്കുമോ? താങ്കൾ പറയും ഞാൻ ആഗ്രഹിക്കുന്നില്ല, സംസ്കാരം വരുന്നു, എ ന്നാൽ വരുന്നു എന്ത് ചെയ്യും? ഇങ്ങനെ ആലോചിക്കുന്നുണ്ടോ? നല്ലത്. വരുന്നു അറിയാതെ. അഥവാ ആർക്കെങ്കിലും നൽകിയ സാധനം അറിയാതെ താങ്കളുടെ അടുക്കൽ വന്നാൽ അപ്പോൾ എന്ത് ചെയ്യാറു ണ്ട്? സൂക്ഷിച്ച് അലമാരിയിൽ വയ്ക്കാറുണ്ടോ? വെക്കുമോ? അപ്പോൾ അഥവാ വന്നാൽ തന്നെയും ഹൃ ദയത്തിൽ വയ്ക്കരുത് എന്തുകൊണ്ടെന്നാൽ ഹൃദയത്തിൽ ബാബയുണ്ടല്ലോ! അപ്പോൾ ബാബയോടൊപ്പം അഥവാ സംസ്കാരവും വെക്കുകയാണെങ്കിൽ നല്ലതായിരിക്കുമോ? ഇല്ലല്ലോ! അതിനാൽ അഥവാ അറി യാതെ വന്നാൽ തന്നെയും ഹൃദയം കൊണ്ട് പറയുക ബാബാ ബാബ ബാബ അത്രമാത്രം. അവസാനിച്ചു . ബിന്ദുവായിക്കോളും. ബാബ എന്താണ്? ബിന്ദു. അപ്പോൾ ബിന്ദു ആയിക്കോളും. ഹൃദയംകൊണ്ട് പറ യുകയാണെങ്കിൽ. ബാക്കി ഇങ്ങനെ സ്വാർത്ഥതയോടെ ഓർമിക്കുക ബാബാ എടുത്തോളൂ എടുത്തോളൂ , സ്വന്തം കയ്യിൽ വയ്ക്കുന്നു എന്നിട്ട് പറയുന്നു എടുത്തോളൂ എടുത്തോളൂ. അപ്പോൾ എങ്ങനെ എടു ക്കും?താങ്കളുടെ സാധനം എങ്ങനെ എടുക്കും? ആദ്യം താങ്കൾ തന്റെ സാധനം എന്ന് മനസ്സിലാക്കാതിരി ക്കുക അപ്പോൾ എടുക്കും. ഇങ്ങനെ അല്പം പോലും മറ്റുള്ളവരുടെ സാധനം എടുക്കരുത്. അപ്പോൾ എ ന്ത് ചെയ്യും? ഹോളി ആഘോഷിക്കുമോ? ഹോളി ഹോ ലി. ശരി ആര് മനസ്സിലാക്കുന്നു ദൃഢസങ്കല്പം ചെയ്യുന്നുണ്ട് അവർ കൈ ഉയർത്തൂ. താങ്കൾ ഇടയ്ക്കിടെ പുറത്തെടുക്കാറുണ്ടല്ലോ അപ്പോൾ പുറ ത്തേക്കു പോകുന്നു. അകത്ത് വയ്ക്കാതിരിക്കുക. എന്തു ചെയ്യും, എങ്ങനെ ചെയ്യും, പുറത്തു പോകുന്നി

ല്ല എന്നല്ല. പോവുക തന്നെ വേണം. അപ്പോൾ ദൃഢസങ്കല്പം ചെയ്യുമോ? ആര് ചെയ്യുമോ അവർ മനസ്സുകൊണ്ട് കൈ ഉയർത്തുക. പുറമേ ഉയർത്തേണ്ട. മനസ്സുകൊണ്ട്. (ചില ചിലർ ഉയർത്തുന്നില്ല)ഇവർ ഉയർത്തുന്നില്ല. (എല്ലാവരും ഉയർത്തി) വളരെ നല്ലത് ആശംസകൾ ആശംസകൾ. എന്താണ് ഒരു വശത്ത് അഡ്വാൻസ് പാർട്ടി ബാപ്ദാദയോട് വീണ്ടും വീണ്ടും പറയുന്നു എപ്പോൾ വരെ, എപ്പോൾ വരെ, എപ്പോൾ വരെ? അടുത്തത് പ്രകൃതിയും ബാബയോട് പരാതിപ്പെടുകയാണ് ഇപ്പോൾ പരിവർത്തനം ചെയ്യൂ. ബ്രഹ്മാബാബയും പറയുന്നു ഇനി എപ്പോൾ പരംധാമത്തിന്റെ കവാടം തുറക്കും? കൂടെ പോകേണ്ടേ. ബാക്കിയായിരിക്കേണ്ടല്ലോ! ഒപ്പം പോകില്ലേ! ഒപ്പം കവാടം തുറക്കുകയില്ലേ! താക്കോൽ ബ്രഹ്മാബാബ ഇട്ടോളുമെങ്കിലും പക്ഷേ ഒപ്പം പോവുകയില്ലേ! അതിനാൽ ഇപ്പോൾ ഈ പരിവർത്തനം ചെയ്യൂ. എടുക്കുകയെ വേണ്ട അത്രമാത്രം.എന്റെ സാധനം അല്ല മറ്റൊരാളുടെതാണ് രാവണന്റെ സാധനം എന്തിന് വയ്ക്കണം! മറ്റുള്ളവരുടെ സാധനം എന്താ എടുത്തു വയ്ക്കാറുണ്ടോ?അപ്പോൾ ഇത് ആരുടേതാണ്? രാവണൻറേതല്ലേ! രാവണന്റെ സാധനം താങ്കൾ എന്തിനു വയ്ക്കണം? വെക്കണമോ? വെക്കേണ്ടല്ലോ, പക്കാ? നല്ലത്. അപ്പോൾ നിറത്തിന്റെ ഹോളി ആഘോഷിച്ചോളൂ പക്ഷേ ആദ്യം ഈ ഹോളി ആഘോഷിക്കുക. താങ്കൾ കാണുന്നുണ്ട് താങ്കളുടെ മഹിമയാണ് കരുണാഹൃദയം.താങ്കൾ കരുണാഹൃദയം ഉള്ള ദേവിമാരും ദേവതമാരുമാണല്ലോ! അപ്പോൾ കരുണ വരുന്നില്ലേ? തന്റെ സഹോദരി സഹോദരന്മാർ ഇത്രയും ദു?ഖികളാണ് അവരുടെ ദു?ഖം കണ്ട് ദയ വരുന്നില്ലേ? വരുന്നുണ്ടോ ദയ? അപ്പോൾ സംസ്കാരം മാറ്റൂ എങ്കിൽ ലോകം മാറിക്കോളും. ഇതുവരെയും സംസ്കാരം മാറുന്നില്ലയോ അതുവരേക്കും ലോകത്തിന് മാറാൻ സാധിക്കുകയില്ല. അപ്പോൾ എന്ത് ചെയ്യും?
ഇന്ന് സന്തോഷവാർത്ത കേൾക്കുകയായിരുന്നു എല്ലാവർക്കും ദൃഷ്ടി നേടണം. നല്ല കാര്യമാണ്. ബാപ്ദാദ കുട്ടികളുടെ ആജ്ഞാകാരിയാണ് പക്ഷേ... പക്ഷേ കേട്ട് ചിരിക്കുന്നു. ചിരിച്ചോളൂ. ദൃഷ്ടിയെ പറ്റി പറയുന്നു ദൃഷ്ടിയിലൂടെ സൃഷ്ടി മാറുന്നു. അപ്പോൾ ഇന്നത്തെ ദൃഷ്ടിയിലൂടെ സൃഷ്ടി പരിവർത്തനം ചെയ്യുക തന്നെ വേണം. എന്തുകൊണ്ട് എന്നാൽ സമ്പന്നത അഥവാ ഏതെല്ലാം പ്രാപ്തികൾ ഉണ്ടായിട്ടുണ്ടോ അതിന്റെ വളരെ സമയത്തെ അഭ്യാസം വേണം. ഇങ്ങനെയല്ല സമയത്ത് ആയിക്കോളും അല്ല. വളരെ സമയത്തെ രാജ്യഭാഗ്യം നേടണം എങ്കിൽ സമ്പന്നതയും വളരെ സമയത്തേക്ക് ഉണ്ടാകണം. അപ്പോൾ ശരിയല്ലേ? ഡബിൾ വിദേശികൾ സന്തുഷ്ടരാണോ? ശരി.

നാനാഭാഗത്തെയും മൂന്ന് സിംഹാസനധാരി വിശേഷ സർവ്വ ആത്മാക്കൾക്ക്, സദാ സ്വരാജ്യഅധികാരി വിശേഷ ആത്മാക്കൾക്ക്, സദാ ദയാഹൃദയരായ ആത്മാക്കൾക്ക് സുഖ ശാന്തിയുടെ അഞ്ജലി നൽകുന്നവരായ മഹാദാനി ആത്മാക്കൾക്ക്, സദാ ദൃഢതയുടെയും സഫലതയുടെയും അനുഭവം ചെയ്യുന്ന ബാപ്സമാന ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹസ്മരണ നമസ്തേ.

## വരദാനം : സങ്കല്പത്തിന്റെയും സംസാരത്തിന്റെയും വിസ്താരത്തെ സാരത്തിലേക്ക് കൊണ്ടുവരുന്ന അന്തർമുഖയായി ഭവിക്കട്ടെ

വ്യർത്ഥ സങ്കല്പങ്ങളുടെ വിസ്താരത്തെ ഒതുക്കി സാര രൂപത്തിൽ സ്ഥിതിചെയ്യുകയും വായുടെ ശബ്ദത്തിന്റെ വ്യർത്ഥത്തെയും ഒതുക്കി സമർത്ഥം അതായത് സാരരൂപത്തിലേക്ക് കൊണ്ടുവരിക ഇതാണ് അന്തർമുഖത. ഇങ്ങനെയുള്ള അന്തർമുഖി കുട്ടികൾ തന്നെയാണ് സൈലൻസിന്റെ ശക്തിയിലൂടെ അലയുന്ന ആത്മാക്കൾക്ക് ശരിയായ വഴി കാണിച്ചു കൊടുക്കുന്നത്. ഈ സൈലൻസിന്റെ ശക്തി അനേക ആത്മീയ നിറങ്ങൾ കാണിക്കുന്നു. സൈലൻസിന്റെ ശക്തിയിലൂടെ ഓരോ ആത്മാവിന്റെയും മനസ്സിന്റെ ശബ്ദം സന്മുഖത്ത് സംസാരിക്കുന്നത്പോലെ എത്രയും സമീപം കേൾക്കാൻ കഴിയുന്നു.

## സ്ലോഗൻ: സ്വഭാവം, സംസ്കാരം, സംബന്ധം സമ്പർക്കത്തിൽ ലൈറ്റ് ആയിരിക്കുക അർത്ഥം മാലാഖ ആകുക.

**അവ്യക്തസൂചനകൾ – സത്യതയും സഭ്യതയും ആകുന്ന സംസ്കാരത്തെ സ്വന്തമാക്കൂ**
സത്യമായ ഹൃദയം ഉള്ള സത്യവാദി കുട്ടികൾക്ക്, സത്യതയുടെ മഹാനതയുടെ കാരണത്താൽ സെക്കൻഡിൽ ബിന്ദുവായി ബിന്ദു സ്വരൂപ അച്ഛനെ ഓർമ്മിക്കാൻ സാധിക്കുന്നു. സത്യമായ ഹൃദയം ഉള്ളവർ സത്യമായ പ്രഭുവിനെ സംപ്രീതമാക്കുന്നതിന്റെ കാരണത്താൽ വിശേഷ ആശിർവാദങ്ങളുടെ പ്രാപ്തിയുടെ കാരണത്താൽ സമയാനുസരണം ബുദ്ധി യുക്തിയുക്തം യഥാർത്ഥ കാര്യം സ്വതവേ ചെയ്യുന്നു എന്തുകൊണ്ടെന്നാൽ ബുദ്ധിവാന്മാരുടെയും ബുദ്ധി (ബാബ)യെ പ്രീതിപ്പെടുത്തിയിരിക്കുന്നു.

**സൂചന** : ഇന്ന് അന്താരാഷ്ട്ര യോഗദിനം മൂന്നാമത്തെ ഞായറാഴ്ചയാണ് വൈകിട്ട് 6 30 മുതൽ 7 30 മണി വരെ എല്ലാ സഹോദരീ സഹോദരന്മാരും സംഘടിത രൂപത്തിൽ ഏകാഗ്രമായി യോഗ അഭ്യാസത്തിൽ സർവാത്മാക്കളെയും പ്രതി ഇതേ ശുഭഭാവന വയ്ക്കുക സർവ്വാത്മാക്കളുടെയും മംഗളം ഉണ്ടാകട്ടെ, സർവ്വാത്മാക്കളും സത്യമാർഗ്ഗത്തിൽ സഞ്ചരിച്ച് പരമാത്മസമ്പത്തിന് അധികാരം പ്രാപ്തമാക്കട്ടെ. ഞാൻ ബാബയ്ക്ക് സമാനം സർവ്വാത്മാക്കൾക്കും വരദാനം നൽകുന്ന ആത്മാവാണ്.